(എ) എസ്. എസ്. എൽ. സി. പരീക്ഷയുടെ ഉത്തരക്കടലാസുകൾ വിദ്യാർത്ഥികൾക്ക് തിരിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യവസ്ഥകൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ ;

(സി) വ്യവസ്ഥ ഇല്ലാതെ പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികൾക്കും ഉത്തരക്കടലാസ് തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസിന്റെ ഫോട്ടോ കോപ്പി ആവശ്യപ്പെടുന്ന പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനോട് അനുബന്ധിച്ച് പരീക്ഷാ സെക്രട്ടറി നിശ്ചയിക്കുന്ന സമയപരിധിക്കകം പരീക്ഷാർത്ഥികൾക്ക് ഉത്തര പേപ്പറിന്റെ ഫോട്ടോകോപ്പി കിട്ടുന്നതിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു പേപ്പറിന് നിശ്ചയിച്ചിരിക്കുന്ന ഫീസ് 100 രൂപയാണ്. ഫീസ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അടച്ച്, പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് തിരുവനന്തപുരത്തു മാറത്തക്ക രീതിയിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകളെല്ലാം കൂടി ക്രോഡീകരിച്ച് ബന്ധപ്പെട്ട കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിൽ എത്തിച്ച ശേഷം അവിടെ നിന്നും അപേക്ഷാനുസരണമുള്ള ഉത്തര പേപ്പറിന്റെ ഫോട്ടോ കോപ്പിയെടുത്ത് അയച്ചു കൊടുക്കുന്നതിനുള്ള സംവിധാനമാണ് ഉണ്ടാക്കിയിരിക്കുന്നത്.

(സി) യാതൊരു വ്യവസ്ഥയുമില്ലാതെ പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികൾക്കും അവരവർ എഴുതിയ ഉത്തര പേപ്പറിന്റെ ഫോട്ടോകോപ്പിയോ ഉത്തരക്കടലാസോ എടുത്തു നൽകുക പ്രായോഗികമല്ല.

വിവര സാങ്കേതിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാൻ നടപടി

15(*105) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ മേഖലയെ സമഗ്രമായി പരിഷ്കരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് 2001 മുതൽ കംപ്യൂട്ടർ വിദ്യാഭ്യാസം കരിക്കുലത്തിന്റെ ഭാഗമാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയിൽ ബിരുദ കോഴ്സ് ഈ അദ്ധ്യായന വർഷം ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കോഴ്സ് എവിടെയെല്ലാം ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വിവര സാങ്കേതിക വിദ്യയിൽ ബിരുദ കോഴ്സ് ആരംഭിക്കുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സഹായ സഹകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി&സി) വിവര സാങ്കേതിക വിദ്യ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഇതിന് അന്തിമ രൂപം നൽകിയിട്ടില്ല. ഈയിടെ ഈ വിഷയത്തെപ്പറ്റി ഒരു ദേശീയ സെമിനാർ സർക്കാർ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ വിഷൻ 2010 എന്തായിരിക്കണം എന്ന് നിർദ്ദേശിക്കുവാനും ക്ലാസ്സ് മുറികളിൽ വിവര സാങ്കേതിക വിദ്യ എങ്ങനെ ഫലപ്രദമായി വിന്യസിപ്പിക്കുവാൻ സാധിക്കും എന്നതിലേയ്ക്കായി ശുപാർശ ചെയ്യുന്നതിനുമായി പ്രൊഫ.യു.ആർ. റാവു അദ്ധ്യക്ഷനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. അവരുടെ ശുപാർശ കൂടി ലഭിച്ചതിനു ശേഷമേ ഇതിന് അന്തിമ രൂപം നൽകുകയുള്ളു.

(ഡി) ഉണ്ട്. 2001-2002 അദ്ധ്യായന വർഷം മുതൽ വിവര സാങ്കേതിക വിദ്യ 7-ാം ക്ലാസ്സ് മുതൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു.

(ഇ) ഇപ്പോഴുള്ള കോഴ്സുകൾക്കു പുറമേ ഈ അദ്ധ്യായന വർഷം വിവര സാങ്കേതിക വിദ്യയിൽ കൂടുതൽ ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ വിവര സാങ്കേതിക വിദ്യയിൽ 2001-2002 അദ്ധ്യായന വർഷം മുതൽ എഞ്ചിനീയറിംഗ് (ബിരുദ) കോഴ്സുകൾ ആരംഭിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly